ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി 23-03-2016

WP 2 -5469 /2016

## സർക്കുലർ നമ്പർ 18/2016

2016 നിയമസഭാ ഇലക്ഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ തടവുകാർക്ക് പരോൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണം നിലനിൽക്കുന്നുണ്ടോ എന്നകാര്യത്തിൽ സംശയനിവാരണത്തിനായി പല ജയിലുകളിൽ നിന്നും ജയിൽ ആസ്ഥാന കാര്യാലയത്തിൽ ഫോൺ മുഖാന്തിരം ഉദ്യോഗസ്ഥർ അന്വേഷണം നടത്തുന്നതിനാൽ താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2016 ലെ നിയമസഭാ ഇലക്ഷൻ മാതൃകാ പെരുമാറ്റച്ചട്ടം അനുസരിച്ച് തടവുകാരെ വളരെ അത്യാവശ്യമായ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതിയോടുകൂടി മാത്രമെ പരോൾ (ലീവ്) അനുവദിക്കുവാൻ കഴിയുകയുള്ളു. ആയതിനാൽ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നുമുള്ള നിർദ്ദേശമില്ലാതെ ഇലക്ഷൻ മാതൃകാപെരുമാറ്റചട്ടത്തിന് വിരുദ്ധമായി തടവുകാർക്ക് പരോൾ (ലീവ്) അനുവദിക്കാവുന്നതല്ല എന്നറിയിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സൂപ്രണ്ട്
സെൻട്രൽ ജയിലുകൾ/
തുറന്ന ജയിലുകൾ/
വനിതാ ജയിലുകൾ

പകർപ്പ് :-
1) ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര മേഖല/മദ്ധ്യമേഖല/ദക്ഷിണ മേഖല

2) ഒ.സി & എസ്.എഫ്

എസ്